**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3306** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം റെയിൽവെ മേല്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം റെയിൽവെ മേൽപ്പാലത്തിന്റെ (ആർ.ഒ.ബി- എൽ.സി. നമ്പർ 547) നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇരവിപുരം റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന സ്പാനും അനുബന്ധ സ്പാനുകളും ഒഴികെ മറ്റു സ്പാനുകളുടെ ഗർഡറുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. റെയിൽവേ സ്പാനുകളുടെ പ്രവൃത്തി റെയിൽവേ പൂർത്തീകരിച്ചാൽ മാത്രമേ അനുബന്ധ സ്പാനുകളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ റെയിൽവേ സ്പാനുകളുടെ ഗർഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷമേ ഒരു വശത്തെ റീട്ടെയിനിംഗ് വാളിന്റെയും ഡ്രെയിനേജിന്റെയും പ്രവൃത്തി ആരംഭിക്കാവൂ എന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്. റെയിൽവേയുടെ ഗർഡർ ഇറക്ഷൻ പ്രവൃത്തി മാർച്ചിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ് എന്ന് റെയിൽവേ അറിയിക്കുകയുണ്ടായി. റെയിൽവേയുടെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അടിയന്തരമായി പദ്ധതി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | ഇരവിപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മയ്യനാട് എൽ.സി. നമ്പർ 551 ,എസ്.എൻ. കോളേജ് ജംഗ്ഷൻ എൽ.സി. നമ്പർ 543, കല്ലുംതാഴം (കുറ്റിച്ചിറ) എൽ.സി. നമ്പർ 77, കൂട്ടിക്കട എൽ.സി. നമ്പർ 549 , പോളയത്തോട് എൽ.സി നമ്പർ 545 എന്നീ അഞ്ച് ആർ.ഒ.ബി.കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | **<u>മയ്യനാട് റെയിൽവേമേൽപ്പാലം</u>**<br><br>മയ്യനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിക്കുകയും പദ്ധതിക്കായി 25.95 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതിക്കാവശ്യമായി വരുന്ന സർക്കാർ ഭൂമികൾ കൈമാറുന്നതിന്റെ ഭാഗമായി വെള്ളമണൽ ഹയർ സെക്കന്ററി സ്കൂളിന്റെ 0.77 ആർ ഭൂമി ലാന്റ് ട്രാൻസ്ഫർ മുഖേന കൈമാറുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് പൊതു വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് NOC ക്കായി അപേക്ഷ കൈമാറുകയും പൊതു വിദ്യാസവകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

റെയിൽവേയിൽ നിന്നും ജി.എ.ഡി. ക്ക് അംഗീകാരം 10.01-2024 ൽ ലഭിച്ചു. Single Entity Basis -ൽ മേൽപ്പാലം നിർമ്മിക്കുന്നതിന് ആർ.ബി.ഡി.സി. കെ.-യ്ക്ക് അനുവാദം നൽകണമെന്ന് റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ അംഗീകാരം ലഭിച്ചാൽ കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കഴിയും.

**കുട്ടിക്കട റെയിൽവേ മേൽപ്പാലം**

കൊല്ലം ജില്ലയിലെ കുട്ടിക്കട ആർ.ഒ.ബി.യുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. -യെ ചുമതലപ്പെടുത്തിയിട്ടുള്ളതും പദ്ധതിക്കായി കിഫ്ബി 52.24 കോടി രൂപക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി.ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാലം**

കൊല്ലം നിയോജക മണ്ഡലത്തിലെ എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാല നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി. ഡി.സി.കെ. -യെ ചുമതലപ്പെടുത്തിയിട്ടുള്ളതും പദ്ധതിക്കായി കിഫ്ബി 44.66 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ആർ.ഒ.ബി. യുടെ ജി.എ.ഡി. റെയിൽവേ അംഗീകരിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

**കല്ലുംതാഴം റെയിൽവേ മേൽപ്പാലം**

കല്ലുംതാഴം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും കിഫ്ബി 30.93 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. റെയിൽവേയിൽ നിന്ന് ആർ.ഒ.ബി.യുടെ ജി.എ.ഡി.യ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ അലൈൻമെന്റ് തുടങ്ങുന്നത് നിലവിലെ കൊല്ലം ബൈപ്പാസിൽ നിന്ന് ആയതിനാൽ NHAI യുടെ NOC ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ NOC നാളിതുവരെ ലഭ്യമായിട്ടില്ല. NOC ലഭിക്കുന്ന മുറയ്ക്ക് അംഗീകരിച്ച ജി.എ. ഡി. പ്രകാരമുള്ള അലൈൻമെന്റ് അനുസരിച്ച് എൽ.എ.പ്ലാൻ തയ്യാറാക്കി അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | **പോളയത്തോട് ആർ.ഒ.ബി.**<br><br>പോളയത്തോട് ആർ.ഒ.ബി. യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗും എസ്റ്റിമേറ്റും ദക്ഷിണ റെയിൽവേ അംഗീകരിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളെല്ലാം പുരോഗമന ഘട്ടത്തിലാണുള്ളത്. ആർ.ഒ.ബി.യുടെ നിർമാണത്തിന് ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി രേഖപ്പെടുത്തി കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിക്കുകയും 11 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമെടുപ്പിന് നൽകേണ്ട നഷ്ടപരിഹാര തുകയായ 12.12 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ